# ദീനീ ചിഹ്നങ്ങളെ പരിഹസിച്ചാൽ

അല്ലാഹുﷻ പറഞ്ഞു:

﴿ وَلَئِن سَأَلْتَهُمْ لَيَقُولُنَّ إِنَّمَا كُنَّا نَخُوضُ وَنَلْعَبُ ۚ قُلْ أَبِاللَّهِ وَآيَاتِهِ وَرَسُولِهِ كُنتُمْ تَسْتَهْزِئُونَ ﴾

(നീ അവരോട് (അതിനെപ്പറ്റി) ചോദിച്ചാൽ, അവർ പറയും: ഞങ്ങൾ തമാശ പറഞ്ഞുകളിക്കുക മാത്രമായിരുന്നു. പറയുക: അല്ലാഹുവേയും അവന്റെ ദൃഷ്ടാന്തങ്ങളേയും അവന്റെ ദൂതനേയുമാണോ നിങ്ങൾ പരിഹസിച്ചുകൊണ്ടിരിക്കുന്നത്?)(വി.ഖു.9:65)

അബ്ദുല്ലാഹ് ഇബ്നു ഉമർ, മുഹമ്മദ് ഇബ്നു കഅ്ബ്, സെയ്ദ് ഇബ്നു അസ്‌ലം, ഖതാദ رضي الله عنهم. ഇവരിൽനിന്നും നിവേദനം: 'തബൂക്ക് യുദ്ധവേളയിൽ ഒരാൾ പറഞ്ഞു: നമ്മുടെ ഓത്തുകാരെപ്പോലെ ഭക്ഷണപ്രിയരും കളവുപറയുന്നവരും ശത്രുവിനെ കണ്ടുമുട്ടുമ്പോൾ ഭീരുക്കളുമായി ആരെയും നാം കണ്ടിട്ടില്ല. അയാൾ ഉദ്ദേശിക്കുന്നത് അല്ലാഹുവിന്റെ റസൂലിനേയും ഓത്തുകാരായ അദ്ദേഹത്തിന്റെ സ്വഹാബത്തിനേയുമായിരുന്നു. അപ്പോൾ അയാളോട് ഔഫ് ഇബ്നു മാലിക് പറഞ്ഞു: നീ പറഞ്ഞത് കള്ളമാണ്. നീ മുനാഫിക്വ് ആണ്. ഞാൻ പ്രവാചകൻﷺയോട് പറയുക തന്നെ ചെയ്യും. അങ്ങനെ ഔഫ് അല്ലാഹു വിന്റെ റസൂൽﷺയുടെ അടുക്കലേക്ക് വിവരം പറയുവാൻ ചെന്നു. അപ്പോൾ ക്വുർആൻ തന്നെ മുൻകടന്നതായി അദ്ദേഹം കണ്ടു. അപ്പോൾ ആ മനുഷ്യൻ റസൂൽﷺയുടെ അടുക്കലേക്ക് ചെന്നു. അയാൾ യാത്രക്കൊരുങ്ങുകയും തന്റെ ഒട്ടകപ്പുറത്ത് കയറുകയും ചെയ്തിരുന്നു. അയാൾ പറഞ്ഞു: അല്ലാഹുവിന്റെ ദൂതരേ, ഞങ്ങൾ യാത്രാ സംഘത്തിന്റെ വർത്തമാനം പറയുകയും അതിൽ മുഴുകുകയും ചെയ്തു. യാത്രാക്ലേശം മാറ്റുവാനാണ് അത് പറഞ്ഞത്. ഇബ്നു ഉമർ رضي الله عنه പറഞ്ഞു: അല്ലാഹുവിന്റെ തിരുദൂതരുടെ ഒട്ടകത്തിന്റെ കഴുത്തിലെ പട്ടയിൽ അയാൾ തൂങ്ങികിടക്കുന്നത് ഞാൻ നോക്കി കാണുന്നത് പോലുണ്ട്. കല്ലുകളാകട്ടെ അയാളുടെ കാലുകളെ മുട്ടിമുറിവേൽപ്പിച്ചുകൊണ്ടിരുന്നു. അയാൾ പറഞ്ഞു കൊണ്ടിരുന്നു: ഞങ്ങൾ സംസാരത്തിൽ മുഴുകുകയും കളിതമാശയിലുമായിരുന്നു. അപ്പോൾ അല്ലാഹുവിന്റെ റസൂൽﷺ അയാളോട് പറയുന്നു: (അല്ലാഹുവേയും അവന്റെ വചനങ്ങളേയും അവന്റെ ദൂതനേയുമാണോ നിങ്ങൾ പരിഹ

സിച്ചുകൊണ്ടിരിക്കുന്നത്?)(വി.ക്വു. 9:65) പ്രവാചകൻﷺ അയാളിലേക്ക് തിരിഞ്ഞ് നോക്കിയില്ല. ഒന്നും ഏറെ പറയുകയും ചെയ്തില്ല.[1]

**ഈ അദ്ധ്യായം ഉൾക്കൊണ്ട വിഷയങ്ങൾ:**

- ആരെങ്കിലും ഇവകൊണ്ട് പരിഹസിച്ചാൽ അവൻ കാഫിറായി. ഇതാണ് ഏറ്റവും വലിയ വിഷയം.
- അവൻ കാഫിറാണെന്നതാണ് ആയത്തിന്റെ തഫ്സീർ. ചെയ്തത് ആരായാലും.
- അല്ലാഹുﷻയോടും അല്ലാഹുവിന്റെ റസൂൽﷺയോടും 'നസ്വീഹത്ത്' ഉദ്ദേശിച്ച് സംസാരിക്കുന്നതും 'നമീമത്ത്' പറയുന്നതും തമ്മിലെ വ്യത്യാസം.
- അല്ലാഹുﷻ ഇഷ്ടപ്പെടുന്ന വിട്ടുവീഴ്ചയുടേയും ശത്രുക്കളോട് പാരുഷ്യം കാണിക്കുന്നതിന്റേയും ഇടയിലെ വ്യത്യാസം.
- ക്ഷമാപണങ്ങളിൽ ചിലത് സ്വീകരിക്കൽ ഒരിക്കലും സംഗതമല്ല.

**ശൈഖ് മുഹമ്മദ് ഇബ്നു അബ്ദിൽ വഹ്ഹാബ് (റഹിമഹുല്ല)യുടെ കിതാബുത്തൗഹീദിൽ നിന്ന്**

**വിവർത്തനം**
**അബ്ദുൽ ജബ്ബാർ അബ്ദുല്ല**

[1] തഫ്സീറു ഇബ്നി ജരീർ, തഫ്സീറു ഇബ്നി അബീ ഹാതിം. ഈ അഥറിന്റെ സനദ് 'ഹസൻ' ആകുന്നു.